സ്പിന്നിംഗ് മില്ലുകൾ

31 [5587] ശ്രീ. വി. ബാലറാം:
,, എ. പി. അനിൽകുമാർ:
,, എം. എ. ചന്ദ്രശേഖരൻ:
,, എം. മുരളി:
,, കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്പിന്നിംഗ് മില്ലുകളുണ്ട്; ഇവയിൽ ഏതെല്ലാം അടച്ചിട്ടിരിക്കുന്നു;

(ബി) ഏതെല്ലാം ലേ ഓഫ് ഭീഷണി നേരിടുന്നു;

(സി) ഈ സ്പിന്നിംഗ് മില്ലുകൾ പൂട്ടാനോ ലേ ഓഫിനെ നേരിടാനോ ഉള്ള കാരണങ്ങളെന്തെല്ലാമാണ്;

(ഡി) അടച്ചുപൂട്ടിയ സ്പിന്നിംഗ് മില്ലുകളിൽ എന്തു തുകയ്ക്കുള്ള നൂൽ കെട്ടിക്കിടക്കുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിൽ ഇപ്പോൾ 38 ടെക്സ്റ്റയിൽ മില്ലുകളാണുള്ളത്. ഇവയിൽ മദ്രാസ് സ്പിന്നേഴ്സ് അടച്ചുപൂട്ടി. പാലക്കാട്ടെ ബാലാജി സുപ്രീം, മലപ്പുറത്തെ യൂറോസ്പിൻ തുടങ്ങിയവ അടച്ചുപൂട്ടലിന്റെ വിവിധ ഘട്ടങ്ങളിലാണ്. ആലപ്പുഴ കേരള സ്പിന്നേഴ്സ് അടച്ചുപൂട്ടാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) സഹകരണ മേഖലയിൽ കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ ലേ ഓഫിലാണ്. കൂടാതെ തൃശ്ശൂരിലെ ട്രിക്കോട്ട് മിൽ ലോക്കൗട്ടിലും ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ, കേരള ലക്ഷ്മി മിൽസ്, അളഗപ്പ ടെക്സ്റ്റയിൽസ്, വനജാ ടെക്സ്റ്റയിൽസ്, തിരുവേപ്പതി കോട്ടൺ മിൽസ് എന്നിവ ലേ ഓഫിലാണ്.

(സി, ഡി) വിവരം ശേഖരിച്ചുവരുന്നു.

സാമൂഹ്യ ക്ഷേമ പെൻഷൻ പദ്ധതി

32 [5588] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കി വരുന്ന പെൻഷൻ പദ്ധതികളുടെ നവീകരണത്തിനുള്ള എന്തെങ്കിലും ശുപാർശ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ ശുപാർശകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാരിന്റെ ഭരണ നവീകരണ പദ്ധതിയിൽ ഇതുസംബന്ധമായി എന്തൊക്കെ ശുപാർശകളാണ് ഉയർന്നുവന്നിട്ടുള്ളത്;

(ഡി) ഈ ശുപാർശകളിൻമേൽ സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദവിവരം വ്യക്തമാക്കുമോ?

ഉത്തരം

(എ—ഇ) ഭരണ നവീകരണ പദ്ധതിയുടെ ഭാഗമായി അഗതികൾക്കും അംഗവൈകല്യം ഉള്ളവർക്കുമായി ഒരു സാമൂഹ്യ സുരക്ഷാ പദ്ധതിയെക്കുറിച്ചുള്ള വിഷയാധിഷ്ഠിത രൂപരേഖ സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും പൊതു ചർച്ചയ്ക്കായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഭരണ നവീകരണ പദ്ധതിയുമായി ബന്ധപ്പെട്ട് മറ്റ് ശുപാർശകളൊന്നും നിലവിലില്ല.

സാമൂഹ്യക്ഷേമ വകുപ്പിൽ നിർത്തലാക്കിയ തസ്തികകൾ

33 [5589] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാമൂഹ്യക്ഷേമ വകുപ്പിൽ നിർത്തലാക്കിയ തസ്തികകൾ എത്രയാണെന്നും ഏതൊക്കെ തസ്തികകളാണെന്നും വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത തസ്തികകൾ നിർത്തലാക്കാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) ഈ തസ്തികകൾ നിർത്തലാക്കിയതിന്റെ ഫലമായി ഏതൊക്കെ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ചുരുക്കുന്നതിന്റെ ഭാഗമായാണോ തസ്തിക നിർത്തലാക്കിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 125 എണ്ണം. ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) 16-1-2002-ലെ ജി. ഒ. (പി) 56/2002/ധന. നമ്പർ ഉത്തരവ് പ്രകാരം രൂപീകൃതമായ പി. ആന്റ് എ. ആർ. കമ്മിറ്റി വകുപ്പിൽ അധികമെന്ന് കണ്ടെത്തിയ തസ്തികയിൽ ഉൾപ്പെടുന്നതായതിനാലാണ് നിർത്തലാക്കിയത്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly